# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4565 — 04.02.2014 ൽ - മറുപടിക്ക്

### കേന്ദ്രസർക്കാർ പ്രഖ്യാപിച്ച റേഷൻ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷയുടെ ഭാഗമായി റേഷൻ കടകൾ വഴി കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും ഒരു രൂപയ്ക്ക് ധാന്യങ്ങളും ലഭ്യമാക്കുമെന്ന് കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ള പത്ര-പ്പരസ്യ പ്രഖ്യാപനം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ലെ ഭക്ഷ്യ സുരക്ഷാ നിയമം സംബന്ധിച്ച്. ഡി.എ.വി.പി. **(Directorate of Advertising And Visual Publicity)** മുഖേന നൽകിയ പരസ്യമാണ് പത്രത്തിൽ വന്നത്. ഈ നിയമപ്രകാരം 81 കോടി ഇന്ത്യക്കാർക്ക് ഭക്ഷണത്തിനുള്ള അവകാശം ലഭിക്കുകയാണ്. ഗോതമ്പ് കി.ഗ്രാമിന് 2/- രൂപ, അരി 3/- രൂപ, ചെറു-ധാന്യങ്ങൾ ഒരു രൂപ നിരക്കിലും ഉറപ്പു നൽകുന്നു. അന്ത്യോദയ അന്നയോജന പദ്ധതിയ്ക്ക് കീഴിലുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾക്കുള്ള അവകാശം, ഭക്ഷ്യ സബ്സിഡിയിൽ മൂന്നിരട്ടി വർദ്ധനവ് ഇവയായിരുന്നു ഭക്ഷ്യ സുരക്ഷാ നിയമം സംബന്ധിച്ച പരസ്യത്തിന്റെ വിശദാംശങ്ങൾ. |
| (ബി) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നിരക്കിൽ റേഷൻ കടകൾ വഴി ഈ സാധനങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ലഭ്യമാക്കുമെന്ന് പറയാമോ; | (ബി) | ഭക്ഷ്യസുരക്ഷാ നിയമം കേരള സംസ്ഥാനത്ത് നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ച് സ.ഉ(കൈ)നം.53/13/ഭ.സി.സ.വ തീയതി, 02.12.2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നിരക്കിൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം റേഷൻകടകൾ വഴി ലഭ്യമായി തുടങ്ങിയിട്ടില്ല. ഇതുസംബന്ധിച്ച നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഈ സാധനങ്ങൾ കേരളത്തിൽ ഇതുവരെ റേഷൻ കടകൾ വഴി ലഭ്യമാക്കിയിട്ടില്ലെന്ന റേഷൻ ഡീലേഴ്സ് ഭാരവാഹികളുടെ പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ